# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.**2461** **09.07.2015** -ലെ മറുപടിയ്ക്ക്

## വൈപ്പിൻ നിയോജകമണ്ഡലത്തിൽ പുതിയ ആർട്സ് കോളേജ്

*ചോദ്യം*

ശ്രീ. എസ്. ശർമ്മ

*ഉത്തരം*

ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വൈപ്പിൻ നിയോജകമണ്ഡലത്തിൽ പുതുതായി ആർട്സ് കോളേജ് ആരംഭിക്കുന്നതിന് അനുയോജ്യമായ സ്ഥലം, കെട്ടിടം എന്നിവ പരിശോധിച്ചുകൊണ്ടുള്ള റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; എങ്കിൽഎന്ന് ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ; | (എ) (ബി) (സി) (ഡി) & (ഇ) | വൈപ്പിൻ നിയോജക മണ്ഡലത്തിൽ പുതിയ ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിനായി സ്ഥലം, കെട്ടിടം എന്നിവ സംബന്ധിച്ച പ്രാഥമിക റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. എന്നാൽ സ്റ്റാഫിന്റെ വർക്ക് ലോഡ്, സാമ്പത്തിക ബാദ്ധ്യത തുടങ്ങിയവ സംബന്ധിച്ച വിശദമായ പ്രപ്പോസൽ ലഭിച്ചിട്ടില്ല. ഇതു ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>ഇതോടൊപ്പം പ്രഖ്യാപിച്ച, ഉദുമ, പയ്യന്നൂർ. നാദാപുരം, ബാലുശ്ശേരി, കുന്നമംഗലം, കൊടുവള്ളി, മങ്കട, വേങ്ങര, തവനൂർ, തൃത്താല, കോങ്ങാട്, ചേലക്കര, ഒല്ലൂർ, കാട്ടാക്കട, നെയ്യാറ്റിൻകര, താനൂർ, കൊണ്ടോട്ടി, തലശ്ശേരി എന്നീ നിയോജക മണ്ഡലങ്ങളിൽ കോളേജുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | കോളേജ് ആരംഭിക്കുന്നതിന് പ്രസ്തുത റിപ്പോർട്ടിൽ എന്തെങ്കിലും തടസ്സം ഉന്നയിച്ചിട്ടുണ്ടോ ; | | |
| (സി) | പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി വിശദീകരിക്കാമോ ; | | |
| (ഡി) | കോളേജ് ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശ്ദീകരിക്കാമോ ; | | |
| (ഇ) | കോളേജിന്റെ പ്രവർത്തനം ഈ അദ്ധ്യയന വർഷത്തിൽത്തന്നെ ആരഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; ഇതോടൊപ്പം പ്രഖ്യാപിച്ച ഏതെല്ലാം സ്ഥലങ്ങളിൽ പുതുതായി കോളേജുകളുടെ പ്രവർത്തനം തുടങ്ങിയെന്ന് വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ